* ഗുണനിലവാര പ്രവർത്തനങ്ങൾ ഉറപ്പുവരുത്തുന്നതിനായി തുടർച്ചയായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും മേൽനോട്ടം നടത്തിവരുന്നു.

* പൊതുവകുപ്പ് രേഖയുടെ പാർട്ട് ആശുപത്രിയുടെ പ്രധാന ഭാഗങ്ങളിൽ പ്രദർശിപ്പിച്ചിരിക്കുന്നു.

* എല്ലാ ജീവനക്കാർക്കും ഇടർപരിശീലനം നടപ്പിലാക്കി.

* കൂടാതെ ദേശീയ ആരോഗ്യ പദ്ധതികൾ കൃത്യമായി നടപ്പിലാക്കുകയും ചെയ്യുന്നു.

(സി)

ജനറൽ ആശുപത്രി	എറണാകുളം ഗവൺമെന്റ് ജനറൽ ആശുപത്രി
ജില്ലാ ആശുപത്രി	ജില്ലാ ആശുപത്രി, കണ്ണൂർ
താലൂക്ക് ആശുപത്രി	ചേർത്തല താലൂക്ക് ആശുപത്രി
സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി	തിരുവനന്തപുരം തൈക്കാടുള്ള സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, കോഴിക്കോട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി
കാൻസർ സെന്റർ	തിരുവനന്തപുരത്തെ റീജിയണൽ കാൻസർ സെന്റർ
സാന്ത്വന സ്പർശം	പാലക്കാട് ജൊർണ്ണയുള്ള പെരിഫെറൽ ആശുപത്രി
സി.എച്ച്.സി.	എറണാകുളത്തുള്ള സി.എച്ച്.സി. പള്ളുരുത്തി.

പൊതുജനാരോഗ്യ മേഖലയിൽ നടപ്പാക്കിയ പദ്ധതികൾ

92(792) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ഇടുക്കി നിയോജക മണ്ഡലത്തിൽ പൊതുജനാരോഗ്യ മേഖലയിൽ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പദ്ധതികൾക്കായി കഴിഞ്ഞ അഞ്ചുവർഷങ്ങളിലായി വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവ എത്രയെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) നടപ്പിലാക്കിയ പദ്ധതികളുടെ വിശദ വിവരങ്ങൾ ചുവടെ കൊടുക്കുന്നു. ഇടുക്കി മെഡിക്കൽ കോളേജ് സ്ഥാപിച്ചു. കൂടാതെ ആരോഗ്യ വകുപ്പ് തയ്യാറായുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

* ജീവിത ശൈലിരോഗ പ്രതിരോധപ്രവർത്തനം
* പകർച്ചവ്യാധി പ്രതിരോധപ്രവർത്തനം
* കുഷ്ഠരോഗ നിർമ്മാർജ്ജനം
* പെയിൻ & പാലിയേറ്റീവ്
* ടെറി ഹെൽത്ത് മെഡിക്കൽ എഡ്യൂക്കേഷൻ പദ്ധതി.
* ജലജന്യരോഗ പ്രതിരോധപ്രവർത്തനം.
* കാൻസർ കെയർ
* പുകയില വിരുദ്ധ പ്രവർത്തനം.
* കോളറ പ്രതിരോധപ്രവർത്തനം.
* ടി. ബി. എലിമിനേഷൻ പ്രവർത്തനം.

(ബി) വിശദ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. *

ആലപ്പുഴ ജില്ലയിലെ 108 ആംബുലൻസുകൾ

93(793) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ എത്ര 108 ആംബുലൻസുകൾ ഉണ്ട്; ഇതിൽ റണ്ണിംഗ് കണ്ടിഷനിൽ ഉള്ളവ എത്ര; അല്ലാത്തവ എത്ര;

(ബി) 108 ആംബുലൻസുകളുടെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് നിലവിൽ എന്ത് സംവിധാനമാണുള്ളത്; വിശദമാക്കുമോ;

(സി) ജില്ലയിലെ 108 ആംബുലൻസുകൾ അടിയന്തരമായി അറ്റകുറ്റപ്പണികൾ നടത്തി സർവ്വീസ് നടത്താൻ കഴിയുംവിധം സജ്ജമാക്കാൻ നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly